## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3655 — 19.02.2013-ൽ മറുപടിക്ക്

## കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലെ ഡെപ്യൂട്ടേഷൻ ജീവനക്കാർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ<br>ശ്രീ.പി.സി.ജോർജ്<br>ഡോ.എൻ.ജയരാജ് | ശ്രീ.കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

| | |
|---|---|
| (എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ എത്രയെന്ന് അറിയിക്കുമോ; | (എ) 1025 പേർ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നു. |
| (ബി) കെ.എസ്.ബി.സി. യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി തുടരുന്നതിന് ഓരോ വർഷവും മാതൃവകുപ്പിൽ നിന്ന് എൻ.ഒ.സി. ലഭിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ; | (ബി) ഉണ്ട്. |
| (സി) ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞും മാതൃവകുപ്പിൽ നിന്ന് എൻ.ഒ.സി. ലഭിക്കാതെ അനധികൃതമായി കെ. എസ്.ബി.സി. യിൽ തുടരുന്ന ജീവനക്കാർ നിലവിലുണ്ടോ; എങ്കിൽ എത്ര പേർ; ഇപ്രകാരം അനധികൃതമായി തുടരാൻ ഇടയാക്കിയ സാഹചര്യം എന്താണ്; ഇതിന്റെ വെളിച്ചത്തിൽ എന്തുനടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (സി) വിടുതൽ ചെയ്യാൻ ഉത്തരവുണ്ടായിട്ടും, പകരം ജീവനക്കാരെ ലഭിക്കാത്തതിനാൽ, 11 പേർ ഇപ്പോഴും ബിവറേജസ് കോർപ്പറേഷനിൽ തുടർന്ന് വരുന്നുണ്ട്. കൂടാതെ, കേരള വുഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിലെ 4 പേർ, ബഹു: ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ, ഇപ്പോഴും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ തുടരുന്നു.<br><br>ചില ജീവനക്കാരുടെ എൻ.ഒ.സി. മാതൃവകുപ്പിൽ നിന്നും ലഭിക്കാതിരുന്നപ്പോൾ, കോർപ്പറേഷൻ വീണ്ടും എൻ.ഒ.സി. -ക്കായി ആവശ്യപ്പെട്ടിട്ടുണ്ട്. അത് ലഭ്യമാകാതെ വരുകയാണെങ്കിൽ, അവരെ തിരിച്ചയയ്ക്കുന്നതാണ്. |
| (ഡി) ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് ഒരു മാസമായിട്ടും മാതൃവകുപ്പിൽ നിന്ന് എൻ.ഒ.സി. ലഭിക്കാത്തവരെ മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ഡി) ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ് ഒരു മാസമായിട്ടും മാതൃവകുപ്പിൽ നിന്ന് എൻ.ഒ.സി. ലഭിക്കാത്തവരെ മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഇ) | കെ.എസ്.ബി.സി. യിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്നവരിൽ അഞ്ചു വർഷത്തിലധികമായി ഓഫീസുകളിലും ഓഡിറ്റ് വകുപ്പുകളിലും തുടരുന്നവരിൽ നാളിതുവരെ റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ ജോലി ചെയ്യാത്ത പുരുഷ ജീവനക്കാരെ റീട്ടെയിൽ ഔട്ട്ലെറ്റുകളിലെക്ക് മാറ്റി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | ബിവറേജസ് കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിക്കെടുക്കുന്ന ജീവനക്കാരെ, അവരുടെ വിദ്യാഭ്യാസ യോഗ്യതയും, തൊഴിൽ പ്രാവീണ്യവും, കോർപ്പറേഷന്റെ ആവശ്യകതയും അനുസരിച്ചാണ്, ഹെഡ് ഓഫീസിലോ, ഓഡിറ്റിലോ, വെയർഹൗസിലോ, റീട്ടെയിൽ ഔട്ട്ലെറ്റുകളിലോ നിയമിക്കുന്നത്. |
| (എഫ്) | കെ.എസ്.ബി.സി. യിൽ പുതുതായി 548 ക്ലാർക്കുമാർക്കു നിയമനം നല്കാൻ പദ്ധതിയുണ്ടോ; എങ്കിൽ ഓഫീസുകളിലും ഓഡിറ്റിലുമായി അഞ്ചു വർഷക്കാലത്തിലധികമായി ജോലിയിൽ തുടരുന്നവരെ പുതിയ നിയമനത്തിന് ആനുപാതികമായി മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (എഫ്) | 514 എൽ.ഡി.ക്ലാർക്ക്മാരുടെ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 513 പേർക്ക് പി.എസ്.സി. നിയമന ശുപാർശ നല്കിയിട്ടുണ്ട്. ഇതിൽ 150 പേർക്ക് നിയമന ഉത്തരവ് നല്കിക്കഴിഞ്ഞു. ശേഷിക്കുന്നവർക്ക് ഉടനടി നിയമന ഉത്തരവ് നല്കുന്നതാണ്.<br><br>സ്ഥിര നിയമനം മുഖേന ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന മുറയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരെ അവരുടെ ഡെപ്യൂട്ടേഷൻ സീനിയോറിറ്റി അനുസരിച്ച് മാതൃവകുപ്പുകളിലേയ്ക്ക് തിരിച്ചയയ്ക്കുന്നതാണ്. |
| (ജി) | ഇപ്രകാരം ചെയ്യുന്നതിലൂടെ എത്ര തുകയുടെ അധിക ചെലവ് കുറയ്ക്കാൻ കഴിയും; വിശദാംശങ്ങൾ നല്കുമോ? | (ജി) | നിലവിൽ കോർപ്പറേഷനിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന 1025 പേരുടെ ശരാശരി ശമ്പളം 18,556/- രൂപയാണ്. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ഒരു എൽ.ഡി. ക്ലാർക്കിന്റെ ശമ്പളം14,086/- രൂപയായി കണക്കാക്കിയാൽ, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഒരു ജീവനക്കാരനു പകരമായി ഒരു എൽ. ഡി.സി.യെ നിയമിച്ചാൽ ഏകദേശം 4,470/- രൂപ ഒരു മാസം ബിവറേജസ് കോർപ്പറേഷന് ലാഭിക്കാൻ കഴിയും. ഇപ്രകാരം 513 എൽ.ഡി. ക്ലാർക്ക്മാരെ നിയമിക്കുന്നതു വഴി, കോർപ്പറേഷന് പ്രതിമാസം 22,93,110/- രൂപയുടെ അധിക ചെലവ് കുറയ്ക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ.